MR. K. KUNJU PANICKER: I second the motion.

MR. K. G. KUNJUKRISHNA PILLAI: In view of the fact that the Bill has been introduced and seconded, it may be taken up for consideration preferably in another sitting of the House.

The question that leave be granted for the introduction of the Travancore Varnava Bill was then put and carried.

RESOLUTIONS.

MR. K. P. KOCHUKORA THARAKAN: Sir, I move the following resolution:

> "This Assembly recommends to Government that necessary steps be immediately taken by them to produce as far as possible in Travancore itself all the food materials like paddy required for consumption in the State, in view of the present difficulties to obtain them in sufficient quantities from outside."

MR. S. CHATTANATHA KARAYALAR (*Deputy President*): Sir, on a point of order. I wish to know for the guidance of the House whether a resolution of this nature can be discussed at all, because this is so vague and general. It must contain a specific recommendation to Government so that Government may be able to carry it out in case it is adopted by the House. I wish to have a ruling for the general guidance of the House.

MR. K. G. KUNJUKRISHNA PILLAI: I support the learned Deputy President that this resolution is not specific enough as it is.

MR. M. R. NARAYANA PILLAI: Sir, with due respect to what has been stated by the learned Deputy President, I do not find any substance in the statement nor in that of the honourable member who represents the Legal Department. The resolution states that steps be taken to produce as far as possible in Travancore itself all the food materials like paddy. I do not know in what manner this could be made more clear. According to me the resolution is so definite that there cannot be any objection. It also states that immediate steps be taken. I do not think that the resolution can be called vague. I am only sorry that the learned Legal Remembrancer supported the objection.

SADASYATILAKA T. K. VELU PILLAI: Sir, an important question has been raised and coming as it does from our learned Deputy President it is entitled to our respect. My learned friend Mr. Narayana Pillai pointed out that the resolution is quite specific.

MR. K. R. NARAYANAN: Sir, we cannot hear the member at all from this place.

SADASYATILAKA T. K. VELU PILLAI: Sir, I am glad that the member has raised that point now; I know that I might raise my voice.

PRESIDENT: I am going further and grant permission to all members to raise their voices.

MR. C. JEBAMONY NADAR: We are not able to hear the honourable member.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: There are exceptions.

SADASYATILAKA T. K. VELU PILLAI: I shall speak so loud that there shall be no difficulty in hearing. I wanted to modulate my voice so that it may not be out of sort with other voices.

PRESIDENT: I do not get worried over that.

SADASYATILAKA T. K. VELU PILLAI: In a matter of this kind we should be guided by precedents. From an examination of the wording of the resolutions passed by this House it may clear that this resolution is as clear as words could make it. What the mover wants to impress upon this House is that it should be done in a tangible manner. We are advising Government as to what should be done so that Government may take action. As I said already if you look at the wording of the resolutions passed in this House it may be seen that they are more or less worded like this.

At the time of admission if the resolution was worded loosely it should not be admitted according to rules. But that it has been admitted itself does not mean that the question cannot be raised again. My friend the learned Deputy President said that the resolution is worded loosely. If before moving the resolution technical objection had been raised it would have been better. Otherwise it means that the Chair has acquiesced in the admissibility of the resolution.

PRESIDENT: I do not think you need bother on that aspect of the matter.

SADASYATILAKA T. K. VELU PILLAI: In consideration of the fact that the Chair has allowed the resolution and the members of the House have not raised objection at the time of moving, I submit that this resolution may be allowed to be proceeded with.

PRESIDENT: If I may say so, the point raised by the Deputy President is valid and legitimate because there is no doubt that according to our Rules no Resolution shall be admissible which does not comply with the following conditions namely :—

(1) It shall be in the form of a specific recommendation addressed to Government.

(2) It shall be clearly and definitely expressed and shall raise a definite issue.

The definiteness of the issue and the specific recommendation are both necessary. That is the general rule. In other words, a resolution cannot, for instance, be put forward in a form which says that the Government should govern wisely and prudently. That would be within the mischief of these recommendations because if the recommendation is not specific enough and the action to be taken up by Government not narrowed down and easily discernible Government will be unable to act upon the resolution, because most Governments, being what they are, would say that till yesterday we were governing prudently and that tomorrow we will govern prudently and that this resolution means nothing.

LIBRARY ARCHIVES Kerala Legislative Assembly

But, on the other hand, supposing there is a resolution that such and such a road be closed or that such and such a channel be opened. That is specific recommendation and will form under certain conditions the subject matter of a resolution. Now, this resolution is on the border line. The point which the honourable member has urged is that steps should be taken by Government to increase production. Naturally non-official members are not in a position to judge of the specific measures that may or can, with expediency, be adopted by Government. For that purpose they may disafforest all the forests. They may allow cultivation in places like swampy areas where no cultivation now takes place or they may follow the advice of the talented editor who described the other day, people should be sent to jail if they take more than one meal a day. These are points which might be considered by Government. The subject itself is so extensive that the limitation as to definiteness and specific character cannot be enforced in a matter of this kind. Therefore I regard the resolution as in order.

MR. K. P. KOCHUKORA THARAKAN: സർ, തിരുവിതാംകൂറിലെ ജനങ്ങൾക്കു വേണ്ടതായ ആഹാരസാധനപ്രശ്നത്തെപ്പറ്റി പരിചിന്തിക്കയും തക്കതായ പ്രതിവിധികൾ കണ്ടുപിടിച്ചു് പ്രായോഗികമാക്കിക്കൊണ്ടു വരികയും ചെയ്യുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഗവൺമെണ്ടിനെ ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ ഇപ്പോഴത്തെ നൂതനസമ്പ്രദായം കൊണ്ടു് തിരുവിതാംകൂറിലുള്ള ന്യൂനലക്ഷം ജനങ്ങളുടെ ആഹാരപ്രശ്നം പരിപൂർണ്ണ വിജയത്തിൽ എത്തിച്ചേരുമോ എന്നു എനിക്കു സംശയം തന്നെ. റിസർവിൽനിന്നും ഇപ്പോൾ നൂന്യ ൦ ൦ ൦ ഏക്കർ സ്ഥലം കൃഷിക്കായി സൌകര്യപ്പെടുത്തി കുത്തകപ്പാട്ടം കൊടുത്തുതുടങ്ങിയെങ്കിലും അതിൽ കർഷകർക്കു് ആകർഷണീയമായ ഒരു വ്യവസ്ഥയും ഉള്ളതായി കാണുന്നില്ല. തൻനിമിത്തം കർഷകർ കൃഷിയിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ലെന്നാണു കാണുന്നതു്. അതുകൊണ്ടു് ഇപ്പോൾ കുത്തകപ്പാട്ടം കൊടുത്തിട്ടുള്ള സ്ഥലങ്ങൾക്കും പുറമേ ഒരു നൂന്യ ൦ ൦ ൦ ഏക്കർ സ്ഥലംകൂടി ജനങ്ങൾക്കു് കൃഷിക്കായി വിട്ടുകൊടുത്തു കൃഷിയെ വേണ്ടവിധത്തിൽ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥകൂടി ചെയ്താൽ മാത്രമേ നമ്മുടെ ഇന്നത്തെ പട്ടിണിക്കു ശമനമുണ്ടാവുകയുള്ളു. എന്നാൽ മുൻപുണ്ടായിരുന്ന കൺസർവേറേറന്മാർ, റിസർവിൽനിന്നും ഒരിഞ്ചു സ്ഥലംപോലും തൊടാൻപാടില്ലെന്നു പറയുന്നതുപോലെ ഇപ്പോഴത്തെ കൺസർവേറേറർ അവർകൾ പറയുന്നില്ല. എങ്കിലും ഇപ്പോഴത്തെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

കൺസർവേറ്റർ അവർകൾ ഈ ദുർഘടഘട്ടത്തെ ഒന്നുകൂടി പരിചിന്തിച്ച്, ആഹാരമില്ലാതെ പട്ടിണികിടന്ന് ജനങ്ങൾ എരിപൊരിക്കൊള്ളുന്ന ഈ പരിതസ്ഥിതിയിൽ നെൽക്കൃഷിയെ വർദ്ധിപ്പിക്കാനായി, ഈ റബ്ബർകാടുകൾ ചതുപ്പുനിലങ്ങൾ മുതലായവ കഴിവുള്ളിടത്തോളം സ്ഥലങ്ങൾ റിസർവിൽനിന്നും ജനങ്ങൾക്കു പതിച്ചുകൊടുക്കുന്ന കാര്യത്തിൽ വേണ്ടതു താല്പര്യം പ്രകടിപ്പിക്കണമെന്നാണ് എന്റെ അപേക്ഷ.

തിരുവിതാംകൂറിലെ വിളവു വർദ്ധിപ്പിക്കാൻ റിസർവിൽനിന്നും എത്രമാത്രം സ്ഥലം വിട്ടുകൊടുക്കാൻ കഴിയുമോ, അത്രയും സ്ഥലങ്ങൾ കൊടുക്കണമെന്നും അങ്ങിനെ വിട്ടുകൊടുക്കുന്ന സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിനു കർഷകരെ നാനാവിധത്തിലും പ്രോത്സാഹിപ്പിക്കണമെന്നും അല്ലാതെ അതിൽ മരങ്ങൾ വച്ചുപിടിപ്പിക്കണമെന്നും മറ്റുമുള്ള വ്യവസ്ഥയിന്മേൽ കർഷകരെ കൂടുതൽ ഭാരപ്പെടുത്തി നിരുത്സാഹരാക്കിത്തീർക്കുകയല്ലാ വേണ്ടതു്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ആഹാരസാധനവർദ്ധനവിനെപ്പറ്റിയാണ് ആലോചിക്കുവാനുള്ളതു്. അല്ലാതെ ആദായവർദ്ധനവിനെപ്പറ്റിയല്ല. ഇപ്പോൾ ഗവൺമെൻറ് നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടതാണ്.

ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിനെ ആക്ഷേപിക്കണമെന്നുള്ള ഉദ്ദേശം എനിക്കു അശേഷമില്ല. ഗവൺമെൻറ് ചെയ്യുന്ന പ്രവൃത്തികളിൽ ഞാൻ അത്യധികം സന്തോഷിക്കുന്നുമുണ്ട്. അതിലേയ്ക്ക് തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ മുഴുവൻ അഭിനന്ദനവും ഗവൺമെൻറിനു ലഭിക്കുന്നുമുണ്ട്. എന്നാൽ കൃഷിയുടെ വർദ്ധനവിനായി ഗവൺമെൻറ് ചെയ്യുന്ന പ്രവർത്തനങ്ങൾ വേണ്ടിടത്തോളം മതിയാകുന്നില്ലെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ ഒരു റെസലൂഷൻ ഇവിടെ ഹാജരാക്കുവാൻ നിർബന്ധിതനായതു്.

PRESIDENT : I have already given a ruling. You can go on with the subject matter. Having regard to the fact that questions relating to the policy of the Forest Department are under discussion, I hope honourable members will forgive the informality of the Conservator swearing in just now so that he may be present and take part in the discussion.

LIBRARY ARCHIVES Kerala Legislative Assembly

RAO BAHADUR T. V. VENKITESWARA AIYAR: (*Conservator of Forests*): took the oath and signed the Rolls *Vice* Mr. E. G. Salter who resigned his membership.

PRESIDENT : will the honourable Member be so good as to very shortly summarise the main arguments he has advanced till now?

MR. K. P. KOCHUKORA THARAKAN : കൃഷിക്കു വിട്ടുകൊടുക്കുന്ന സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണമെന്നു കർഷകരെ നിർബന്ധിക്കേണ്ടതു് ഇങ്ങിനെയുള്ള അത്യാവശ്യസന്ദർഭങ്ങളിലല്ലെന്നു മാത്രമല്ല കൃഷിക്കാരെ പണംകൊടുത്തും ക്രോപ്പ് ലോണിൽ വളം കൊടുത്തും ഈ സന്ദർഭത്തിൽ കൃഷിക്കാരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ആണു വേണ്ടതു്. യുദ്ധം അവസാനിച്ചു നെല്ലും അരിയും നമുക്കു ആവശ്യമുള്ളതു വെളിയിൽനിന്നും നിഷ്പ്രയാസം വന്നുതുടങ്ങുമ്പോൾ മേല്പറഞ്ഞ ഡ്രൈലാൻഡുകളിൽ മരം വെച്ചുപിടിപ്പിച്ചുതരണമെന്നു പറയുന്നതു ശരിയായിരിക്കും. അതുതന്നെയും വെറ്റ്‌ലാൻഡുകളിൽ തെങ്ങുകാലത്തും വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതു ശരിയല്ല.

RAJYASEVAPRAVINA G. PARAMESWARAN PILLAI : May I just remove that misconception. It has been definitely stated by the Conservator himself that for the next two or three years when the lands are subjected to cultivation, the trees will not be planted. But during the last year when the cultivation is given up, the trees will be planted which will be supplied free by the Forest Department.

MR. K. P. KOCHUKORA THARAKAN : അതു പരമാർത്ഥമാണു്. എന്നാൽ കാലാവധി അവസാനിക്കുന്നകാലത്തു് അങ്ങിനെ ഏതെങ്കിലും വച്ചുപിടിപ്പിക്കണമെന്നുള്ള വ്യവസ്ഥ ആരെങ്കിലും ചെയ്തിട്ടില്ലെങ്കിൽ അയാളിന്നു് ഉടമ്പടി അനുസരിച്ചു് ഏതാനും ചില കടപ്പാടുകളുണ്ടു്. വടക്കൻ തിരുവിതാംകൂറിൽ ഇപ്രകാരം ലേലത്തിൽ വസ്തുക്കൾ വിളിക്കേറ്റുവാൻ ആളുകൾ അധികമായി തയ്യാറാകുന്നില്ലെന്നാണു് എനിക്കറിവു്. കാരണം ഈ ഒർഘടവ്യവസ്ഥ മാത്രമാണു്. ഗവണ്മെന്റു നിശ്ചയിക്കുന്ന ഇപ്രകാരമുള്ള വ്യവസ്ഥകൾ ഒരുപക്ഷേ നടപ്പിൽ വരുത്തുവാൻ തന്നെക്കൊണ്ടു് കഴിഞ്ഞില്ലെങ്കിലോ എന്നുള്ള ഭയമാണു് പലരെയും ഇക്കാര്യത്തിൽ വിമുഖന്മാരാക്കിത്തീർക്കുന്നതു്. ഇന്നത്തെ കൺസർവേറ്ററൊ അല്ലെങ്കിൽ ഇന്നത്തെ ചീഫ് സെക്രട്ടറിയൊ ആയിരിക്കുകയില്ലാ ഉടമ്പടിപ്രകാരമുള്ള കാലാവധിക്കുശേഷം കാണുന്ന അധികാരികൾ. അന്നത്തെ അധികാരികൾ ഉടമ്പടികളിൽ കാണുന്ന വാചകത്തെ മാത്രം നോക്കുന്നവരായിരിക്കാനാണു എളുപ്പം. പണ്ടു് ജനങ്ങൾ മുഴുവനും പട്ടിണി കിടന്നു വിഷമിച്ചപ്പോൾ അവരുടെ പട്ടിണി തീർക്കുവാൻ പാട്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

പെട്ടവരാണ് ഇവരെന്നുള്ള ചിന്തപോലും അക്കൂട്ടർക്ക് അപ്പോൾ ഉണ്ടായിരിക്കുകയില്ല. അപ്രകാരം പാട്ടപെട്ടതിന്, ഈ വ്യവസ്ഥ ഒരു ശിക്ഷയാകാനും മതിയാകുന്നതാണ്. ഗവണ്മെൻറ് ഏതെങ്കിലും ഒരു എഗ്രിമെൻറ് എഴുതുന്ന അവസരത്തിൽ, വലിയവൻ പറയുന്നതനുസരിച്ച് എളിയവൻ എഴുതുന്നു എന്ന നയമാണ് സാധാരണയായി കണ്ടുവരുന്നതു. ഒടുവിൽ കടലാസ്സിൽ കാണുന്നതിനാണ് വില കല്പിക്കുന്നതും. അതിൻപ്രകാരം നോക്കുമ്പോൾ ഭക്ഷണസാധനങ്ങൾ വിളയിക്കുന്നതിനുള്ള ഒരു ഉടമ്പടിയല്ല എന്നാലെ മറു പനവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന ഒരു ഉടമ്പടിയായിട്ടായിരിക്കും കടലാസ്സിൽ കാണുന്നതു്. എന്നാലും ആ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിലേയ്ക്കുള്ള ഒരു ഉടമ്പടിയായിട്ടാണ് ഗണിക്കുവാനിടയുള്ളതു്. തന്നെയുമല്ലാ, ഇത്തരം സ്ഥലങ്ങൾ സർവെ ചെയ്തതിനുശേഷം കൊടുക്കണമെന്നുള്ള ഇന്നത്തെ വ്യവസ്ഥയും കാലതാമസത്തിന് ഇടവരുത്തുന്നതും അതിനാൽ മാറേണ്ടതുമാണ്. കൃഷിചെയ്യുവാൻ തയാറുള്ളവർക്കു സ്ഥലം വിട്ടുകൊടുക്കണം. കൃഷി ഇറക്കിക്കഴിഞ്ഞതിനുശേഷം സർവെ നടത്തട്ടെ. അതിനു പാട്ടം ചുമത്തട്ടെ.

സർ, ഞാൻ ഇങ്ങനെ ഒരുപ്രമേയംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് തിരുവിതാംകൂറിലെ ആവശ്യത്തിനുപര്യാപ്തമായിടത്തോളം ആഹാരസാധനങ്ങൾ നിവൃത്തിയുള്ളിടത്തോളം തിരുവിതാംകൂറിനു വെളിയിലുള്ളവരെ ആശ്രയിക്കാതെ, തിരുവിതാംകൂറിൽനിന്നുതന്നെ വിളയിപ്പിച്ചെടുക്കുവാൻ കഴിയുമെന്നുള്ള കാര്യത്തെപ്പറ്റി വേണ്ട അന്വേഷണങ്ങൾനടത്തി പ്രവൃത്തിയിൽ വരുത്തുന്ന സംഗതി ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുക എന്നുള്ളതുമാത്രമാണ്. ഇതിനുള്ള പലമാർഗ്ഗങ്ങളിൽഒന്നു് എക്സ്റ്റൻസിവ് കൾട്ടിവേഷനാണ്. കുടികൾക്കു പതിച്ചുകൊടുത്ത ഭൂമികളിൽ കൃഷിചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിനടത്തിക്കുക, തരിശുഭൂമികൾ കൃഷി നടത്തിക്കുവാനായി വിട്ടുകൊടുക്കുക, റിസർവ് ഫാറസ്റ്റിൽ കൃഷിക്കു കൊള്ളാവുന്ന ഭൂമികളിൽ കൃഷിചെയ്യിക്കുക മുതലായവയാണ്. ഗവണ്മെൻറ് ആ കാര്യത്തിൽ പലതും പ്രവൃത്തിക്കുന്നുണ്ടെന്ന് എനിക്കറിയാം. ഞാൻ അതിലേയ്ക്ക് ഗവണ്മെൻറിനോട് വീണ്ടും നന്ദിപറഞ്ഞുകൊള്ളുന്നു. ഇപ്പോൾതന്നെ റിസർവു ഫാറസ്റ്റിൽനിന്നും കൃഷിക്കായി നൂറായിരം ഏക്കർ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. ഈ സ്ഥലങ്ങൾ തൊട്ടുപുഴ താലൂക്കിൽ ഏക്കർ ഒന്നിന് മൂന്നുകൊല്ലക്കാലത്തേക്കു ഇരുനൂറു രൂപ അമ്പതു രൂപവരെ പാട്ടം വിളിച്ചുവരുന്നു. എന്നാൽ വലിയ കൃഷിക്കാരും

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവിഷയത്തിൽ നല്ല തഴക്കവും പഴക്കവും ഉള്ളവരും വൻതോതിൽ കൃഷിനടത്താൻ സാധിക്കുന്നവരും ആയ പലരും ഈ ലേലങ്ങളിൽ പങ്കെടുക്കാതെ മാറിനിൽക്കുന്നവരായിട്ടാണിരിക്കുന്നതു് എന്നു എനിക്കറിയാൻ ഇടയായിട്ടുണ്ടു്. കാരണം വ്യവസ്ഥപ്രകാരം നെ കൊല്ലം കഴിഞ്ഞതിനുശേഷം ഫാറസ്റ്റു ഡിപ്പാർട്ടുമെൻറിൽനിന്നും പറഞ്ഞതുപോലെ തൈകളൊമറെറാ വച്ചുപിടിപ്പിക്കാതിരിക്കുന്നപക്ഷം അതിൽവച്ചുണ്ടാകാവുന്ന കഷ്ടനഷ്ടങ്ങളെ ഭയപ്പെടുന്നതുകൊണ്ടുമാത്രമാണു്. ഇവിടത്തെ ഇപ്പോഴത്തെ പ്രധാനപ്രശ്നം വൃക്ഷങ്ങളും വെട്ടുപിടിപ്പിക്കുകയല്ലാ, പിന്നെയോ കൂടുതൽ ആഹാരസാധനങ്ങളും വിളയിച്ചെടുക്കുകയെന്നുള്ളതാണല്ലൊ. അതുകൊണ്ടു് ഈമാതിരി വ്യവസ്ഥകളും മറ്റു ബദ്ധപ്പാടുകളും കർഷകർക്കു നിവൃത്തിയുള്ളിടത്തോളം കൊടുക്കാതിരിക്കുകയാണു് വേണ്ടതു്. ഇങ്ങനെയുള്ള വൈഷമ്യങ്ങളൊന്നും വരുത്താതെ സ്വതന്ത്രമായ രീതിയിൽ കൃഷി നടത്തുവാൻ ജനങ്ങളെ അനുവദിക്കുന്നപക്ഷം ഇവിടത്തേക്കു് ആവശ്യമായ ഭക്ഷണസാധനങ്ങളിൽ എഴുപത്തഞ്ചു ശതമാനം നെല്ലു എങ്കിലും നിശ്ചയമായും ഇവിടെനിന്നുതന്നെ വിളയിച്ചെടുക്കാൻ കഴിയുമെന്നാണു് എൻെറ വിശ്വാസം. തിരുവിതാംകൂർകാർ തിരുവിതാംകൂറിനു വെളിയിലുള്ളവരെ ആശ്രയിച്ചു ജീവിക്കണമെന്നുവരുന്നതു് വളരെ പരിതാപകരമായ ഒരു അവസ്ഥയാണു്. കഴിഞ്ഞ പതിനാലുകൊല്ലങ്ങളായി ഈ കാര്യം മറ്റുപലരും ഞാൻതന്നെയും ശ്രീമൂലം പ്രജാസഭയിലും നിയമസഭയിലും ഈ അസംബ്ളിയിലും പറഞ്ഞിട്ടുള്ളതാണു്. ഇപ്പോൾ കുത്തകപ്പാട്ടത്തിനു കൊടുക്കുന്ന ഭൂമികളിൽ ഫാറസ്റ്റു ഡിപ്പാർട്ടുമെൻറിലേയ്ക്കു കൃഷി കഴിഞ്ഞു ഒഴിഞ്ഞു കൊടുക്കുമ്പോൾ വൃക്ഷം നട്ടുപിടിപ്പിച്ചുകൊടുക്കണമെന്നുള്ള വ്യവസ്ഥ പാലിക്കയാണെങ്കിൽ പോലും ഈറക്കാടുകളും മുളച്ചായ സ്ഥലങ്ങളും സർവെ ചെയ്യുന്നതിനുശേഷം ലേലംചെയ്തു കഴിഞ്ഞിട്ടെ കർഷകർ പ്രവേശിച്ചു കൃഷിചെയ്യാവൂ എന്നുള്ള വ്യവസ്ഥ മാറാണ്ടതും കർഷകൻ മേൽപ്രകാരം കൃഷിക്കുകൊള്ളാവുന്ന സ്ഥലങ്ങളിൽ പ്രവേശിച്ചു് കാടുവെട്ടി കൃഷിചെയ്യുന്നതിനു അനുവദിക്കേണ്ടതും അതിനുശേഷം സർവ്വേ നടത്തി പാട്ടം നിശ്ചയിക്കേണ്ടതും കായ്നടപ്പിനു സഹായമായിരിക്കും. കാലതാമസം കായ്നടപ്പിനു വിഘാതം വരുത്തുമെന്നും കാലവർഷം കാത്തുനിൽക്കുകയില്ലെന്നും അധികാരികൾ അറിഞ്ഞിരിക്കേണ്ടതാണു്. കൃഷി ചെയ്യുന്ന സ്ഥലത്തുള്ള മരം വെട്ടി നശിപ്പിക്കാതെ ഈറ്റക്കാടുമാത്രം വെട്ടിച്ചുട്ടു കൃഷിചെയ്യാൻ അനുവദിക്കേണ്ടതാണു്. അതിനുശേഷം സർവ്വെ ചെയ്താൽ മതിയാകും. കുത്തകപ്പാട്ടത്തുകയും നെല്ലാക്കണം. ലേലത്തിൽ പിടിക്കുന്ന വസ്തുവിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan]

ഉണ്ടാകുന്ന നെല്ലിന്റെ ഇത്ര ശതമാനം ഗവണ്മെൻറിലേയ്ക്കു തരണമെന്നു പറഞ്ഞാൽ എന്താണു് തരക്കേട്? കർഷകരെ നാനാവിധത്തിലും പ്രോത്സാഹിപ്പിക്കണമെന്നാണു് ഞാൻ പറയുന്നതു്. എങ്കിൽമാത്രമെ കൃഷി വർദ്ധിക്കുകയുള്ളൂ. ആനയ്ക്കു് ഇടയും ചങ്ങലയും വയ്ക്കുന്നതുപോലെ കൃഷി ചെയ്യാൻ ഉദ്യമിക്കുന്ന കർഷകക്കു് പ്രതിബന്ധം ഉണ്ടാക്കിവയ്ക്കരുതു്. റിസർവ്വു് ഫാറസ്റ്റിൽ നിൽക്കുന്ന വൃക്ഷങ്ങൾക്കു കേടുവരുത്തണമെന്നു ഞാൻ പറയുന്നില്ല. വൃക്ഷങ്ങൾ വളരാത്ത സ്ഥലങ്ങളിൽ അതായതു് കൈതക്കാടും ഈറക്കാടും മറ്റും പിടിച്ചുനിൽക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ അനുവദിക്കട്ടെ. മന്നാംകണ്ടം മുതലായ ഭാഗങ്ങളിൽ ധാരാളം വിസ്തീർണ്ണം ഉള്ള ഇത്തരം സ്ഥലങ്ങൾ കിടപ്പുണ്ടു്. അവിടമെല്ലാം വെട്ടി കിളച്ചു് നല്ലപോലെ വിരിപ്പു വിളയിപ്പിക്കാൻ കഴിയും. ഇങ്ങനെ ഈറക്കാടുകൾ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം കൃഷിചെയ്യാൻ ഗവണ്മെൻറു് അനുവദിച്ചുകൊടുക്കണം.

മറെറാരു സംഗതി ആയിരക്കണക്കിനു് ഏക്കർ സ്ഥലങ്ങൾ ചില ആളുകളുടെയൊ ചില സ്ഥാപനങ്ങളുടെയൊ കൈവശത്തിലിരിപ്പുണ്ടു്. അവർ കൃഷിചെയ്യാതെയും കൃഷിചെയ്യിപ്പിക്കാതെയും തരിശായിട്ടിരിക്കയാണു്. അങ്ങനെയുള്ള സ്ഥലങ്ങൾ അവരുടെ കൈയ്യിൽനിന്നും ഗവണ്മെൻറു് ഏറെറടുത്തു് കൃഷിചെയ്യുന്നവർക്കായി തൽക്കാലത്തേയ്ക്കു് വിട്ടുകൊടുപ്പിക്കണം. ഈ റസലൂഷൻ ഇവിടെ അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ചതു് എല്ലാ താലൂക്കുകളിൽനിന്നും ഇവിടെ വന്നിട്ടുള്ള ജനപ്രതിനിധികൾക്കു് ഈ കാര്യത്തെപ്പററി പറയുവാനുള്ളതു പറയുവാൻ ഒരു സന്ദർഭം ഉണ്ടാക്കുന്നതിനും ഗവണ്മെൻറിനു് ഇതിൽ എന്തെല്ലാം പ്രവർത്തിക്കുവാൻ കഴിവുണ്ടെന്നു ഗവണ്മെൻറിനെ അറിയിക്കുന്നതിനും അതേപ്പററി ആലോചിക്കുവാനും വാദപ്രതിവാദം നടത്തുവാനും പ്രയോജനപ്പെടുമെന്നുള്ള വിശ്വാസത്തിലാണു്. അതു സാധിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായിക്കൊള്ളാം.

കൃഷിക്കാർക്കു് ഇപ്പോൾ പല പ്രയാസങ്ങളുമുണ്ടു്. ഓരോ താലൂക്കിലും കൃഷി ചെയ്യുന്നതാരാണു്. വിളവു് അറുത്തെടുക്കുവാൻ സമയമായോ എന്നെല്ലാം പരിശോധിക്കുവാൻ പ്രവർത്തിയാരന്മാരെ നിയോഗിച്ചിട്ടുണ്ടു്. വിളവു് പാകത്തിനു മൂത്തുകഴിഞ്ഞാൽ കൂടിയപക്ഷം നാലോ അഞ്ചോ ദിവസംകൂടി മാത്രമേ കിടക്കുകയുള്ളൂ. ആ മൂന്നു ദിവസം കഴിഞ്ഞിട്ടും അറുത്തെടുത്തില്ലെങ്കിൽ ആ വിളവു മുഴുവൻ നശിച്ചുപോകും. എന്നാൽ പ്രവർത്തിയാരന്മാരുടെ അനുവാദം കിട്ടാതെ കൃഷിക്കാർക്കു്

LIBRARY ARCHIVES Kerala Legislative Assembly

നെല്ല കൊയ്തെടുക്കുവാൻ നിവൃത്തിയില്ലാതെവന്നിരിക്കുന്നതുകൊണ്ടു പല കുഴപ്പങ്ങളും കൃഷിക്കുതന്നെ പല നാശങ്ങളും വരുന്നുണ്ട്. ഒരു പകുതിയിൽ ഒരു കാലത്തു ഒരു ദിവസം തന്നെ ഒരഞ്ചൂറുദിക്കിൽ വിളവു് കൊയ്തെടുക്കേണ്ടതായിട്ടു കാണും. ഒരു പ്രവർത്തിയാർ എല്ലായിടത്തും എങ്ങനെ എത്തി നിൽക്കും; അതിനാൽ ഇപ്പോഴത്തെ വ്യവസ്ഥ മാറി, ഒരു പറ നിലത്തിനു ഇന്നതു് എന്നോ വിളവെടുപ്പിന്റെ ഇത്ര ശതമാനം എന്നോ ഒരു നിരക്കുവച്ചു് ഗവണ്മെൻറിലേക്കു തരേണ്ടതാണെന്നു നിശ്ചയിക്കുന്നതായാൽ ഈ കുഴപ്പങ്ങൾക്കു കുറെയൊക്കെ പരിഹാരം വരുത്താവുന്നതാണു. അല്ലാതെ, നിലം കൊയ്യിക്കണമെങ്കിൽ പ്രവൃത്തിയാർ സ്ഥലത്തു് ഉണ്ടായിരിക്കണമെന്നോ പ്രവൃത്തിയാരുടെ അനുവാദം വേണമെന്നോ പറയുന്നതു് വളരെ സങ്കടമാണു്. നല്ല വിലകൊടുത്തു വസ്തുക്കൾ വാങ്ങിച്ചു തലമുറ തലമുറയായി കൈവശം വച്ചു് അനുഭവിച്ചുകൊണ്ടിരിക്കുന്ന തന്റെ ഭൂമിയിൽ വിളവു് കൊയ്തെടുക്കുവാൻ ഹവ്വ ശ്രുപാക്കാരന്റെ അനുവാദം വേണം എന്നു പറയുന്നതു് ഒരിക്കലും ഭംഗിയായിരിക്കുന്നില്ല. സമയത്തിനു് അയാളുടെ അനുവാദം കിട്ടണമെങ്കിൽ അയാൾക്കു കണ്ടു കാഴ്ച കൊടുക്കണം. ഉദ്യോഗസ്ഥന്മാർക്കു ജനങ്ങളെ പീഡനം ചെയ്യുന്നതിനു സന്ദർഭവും സൌകര്യവും സുലഭമായി നടക്കുന്ന ഏതുവിധത്തിൽ യാതൊരു ഏർപ്പാടും ചെയ്തുകൂടാത്തതാകുന്നു. തിരുവിതാംകൂറിലെ ഇന്നത്തെ നിലയ്ക്കു വലിയ ഉദ്യോഗസ്ഥന്മാർ ആരും കൈക്കൂലി വാങ്ങുന്നില്ലെന്നുള്ളതു് ഒരു പരമാർത്ഥമായിരിക്കാം. എന്നാൽ ചെറിയ ഉദ്യോഗസ്ഥന്മാരിൽ പലരും കൈക്കൂലി വാങ്ങിക്കുന്നവരാണു്. ഞാൻ മുൻപറഞ്ഞ രീതിയിൽ വിളവിന്റെ ഇത്ര ശതമാനം എന്നോ അല്ലെങ്കിൽ ഒരു പറ നിലത്തിനു ഇത്ര പറ നെല്ലെന്നോ ഒരു നിരക്കു നിശ്ചയിച്ചില്ലെങ്കിൽ പ്രവൃത്തിയാരന്മാരെപ്പോലെയുള്ള ചെറിയ ഉദ്യോഗസ്ഥന്മാരുടെ കൈകടത്തൽ ധാരാളമായി ഉണ്ടാകാനിടയുണ്ടു്. അതുപോലെ ഒരു പകുതിയിൽനിന്നും മറെറാരു പകുതിയിലേക്കു നെല്ലു് കടത്തിക്കൊണ്ടു പോകരുതെന്നുള്ള വ്യവസ്ഥയും വളരെ ഉപദ്രവകരമായിട്ടുള്ളതാണു. ഒരാളിനു് ഒന്നിലധികം പകുതികളിൽ വസ്തുക്കൾ കാണും, അയാൾ താമസിക്കുന്നതു് ആ പകുതികളിൽ ഏതെങ്കിലും ഒരു പകുതിയിലായിരിക്കും. അയാളുടെ നെല്ലിടുന്നതിനുള്ള അറകളും, അയാളുടെ താമസസ്ഥലത്തായിരിക്കും. മറെറ പകുതികളിലെ വിളവു് കൊയ്തു അയാളുടെ താമസസ്ഥലത്തു കൊണ്ടുവരാൻ പാടില്ലെന്നോ മറെറ പകുതികളിലെ വസ്തു പാട്ടത്തിനു കൊടുത്തിട്ടുള്ളതിന്റെ പാട്ടം തന്റെ താമസസ്ഥലത്തു കൊണ്ടുവരാൻ പാടില്ലെന്നോ വരുന്നതു എത്ര കഷ്ടമാണെന്നും എത്ര നഷ്ടം അയാൾക്കു ഉണ്ടാകാനിടയുണ്ടെന്നും ഗവണ്മെൻറു് ചിന്നം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan]

ന്തിക്കേണ്ടതാണ്. എന്നാൽ ആ മാതിരിയുള്ള കുഴപ്പങ്ങൾ മേലാൽ ഉണ്ടാകാനിടയില്ലെന്ന് ഇന്നലെ ചീഫ് സെക്രട്ടറി അവർകൾ ഈ സഭ മുൻപാകെ ചെയ്ത പ്രസ്താവനകൊണ്ട് മനസ്സിലാക്കാൻ കഴിഞ്ഞതിൽ അൽപ്പം ആശ്വാസത്തിനു വകയുണ്ട്. ഈ അസംബ്ലിയിൽ സംബന്ധിക്കുന്നതിനായി ഞാൻ ഇങ്ങോട്ട് പോരുന്ന സമയം ആ വിഷമം എന്റെ താലൂക്കിൽ നല്ലപോലെയുണ്ടായിരുന്നു.

പലർക്കും അരോചകമായി തോന്നിയേക്കാനിടയുള്ള ഒരു സംഗതിയാണ് ഇനി എനിക്കു പറയുവാനുള്ളത്. കർഷകർ ഇതുവരെ ദാരിദ്ര്യം അനുഭവിച്ചുകൊണ്ടിരുന്നു. തൽഫലമായി അവർ കടക്കാരായിത്തീർന്നു. ഒടുവിൽ അവരെ ഈ കടത്തിൽനിന്നും മോചിപ്പിക്കുന്നതിലേക്ക് ഒരു നിയമംതന്നെ ഗവണ്മെൻറു പാസാക്കിത്തന്നു. എന്നാൽ ഇപ്പോൾ ഏതെങ്കിലും തരത്തിൽ അവർക്ക് നാലുചക്രം കിട്ടാൻ അവസരം വന്നപ്പോൾ ഗവണ്മെൻറ് അതിന്റെ വില നിയന്ത്രിച്ചിരിക്കുന്നു. നെല്ലിന്റെ വില മുഴുവനുമായി നിയന്ത്രിച്ചതിനെപ്പറ്റി ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. എന്നാൽ പണമുള്ളവർ ക്രൂതൽ വിലകൊടുത്തു നെല്ല് വാങ്ങിക്കുന്നതിനു മടി കാണിക്കുകയില്ല. വ്യവസായികളും കച്ചവടക്കാരും ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരുടെ തണലിൽ കുറഞ്ഞവിലക്കു നെല്ലെടുത്തു ക്രൂതൽ വിലയ്ക്കു വിൽക്കുന്നതിന്റെ അനൗചിത്യത്തെപ്പറ്റി ഞാൻ എന്താണു പറയേണ്ടത്. എന്നാൽ കർഷകന്റെ നെല്ല് മുഴുവനും ഗവണ്മെൻറു കുറഞ്ഞവിലക്കു എടുത്തു ധാരാളം പണമുള്ള കച്ചവടക്കാർക്കും, വ്യവസായികൾക്കും, തോട്ടക്കാർക്കും കൊടുക്കുന്നതു ശരിയല്ല. പണക്കാരായ കച്ചവടക്കാർക്കും, വ്യവസായികൾക്കും, തോട്ടക്കാർക്കും ക്രൂതൽ വിലയ്ക്കു നെല്ലുവാങ്ങിക്കാൻ സാധിക്കുന്നവരാണ്. നെല്ല് അല്ലാതെ മറ്റു സാധനങ്ങൾ കൃഷിചെയ്യുന്നവർക്കു ഈ വിഷമം ഉണ്ടാകുന്നില്ല. റബ്ബറിന്റേയും, തേയിലയുടേയും, തെങ്ങിൽനിന്നുണ്ടാകുന്ന സാധനങ്ങളുടേയും, ഏലത്തിന്റേയും, കുരുമുളകിന്റേയും ചുക്കിന്റേയും, കാപ്പിയുടേയും, എന്നുവേണ്ട ഉപ്പുതൊട്ടു കർപ്പൂരംവരെ സകല സാധനങ്ങളുടേയും (ഏറുമതി ചരക്കുകളുടേയും ഇറക്കുമതി ചരക്കുകളുടേയും) വില നെല്ലിന്റെ വിലയോടൊപ്പം നിയന്ത്രിക്കപ്പെട്ടിട്ടില്ല. എല്ലാ കൃഷിക്കാരെയും സമഭാവനയോടുകൂടി അല്ലയോ ഗവണ്മെൻറു വീക്ഷിക്കേണ്ടത്. മറ്റു സാധനങ്ങളുടെ വില ക്രടിയതു അതു കൃഷിചെയ്യുവന്റെ സാമർത്ഥ്യംകൊണ്ടാണോ? സാമാനങ്ങളുടെ വില വർദ്ധിച്ചതു് ഇന്നത്തെ യുദ്ധകാലപരിതസ്ഥിതി ഒന്നുകൊണ്ടുമാത്രമാണ്. ആ ഗുണം എല്ലാവർക്കും കിട്ടണം. ഈ കാര്യത്തിൽ നെൽക്കൃഷിക്കാരെ പ്രോത്സാ

LIBRARY ARCHIVES Kerala Legislative Assembly

ഫിപ്പിക്കത്തക്ക നിലയിൽ ഗവണ്മെൻറ് നെല്ലിൻെറ വിലയിലും ആവശ്യമായ വ്യത്യാസം വരുത്തേണ്ടതാണ്. കൃഷിക്കാരനു അത്യാവശ്യമായ കൃഷി ആയുധങ്ങൾക്കും ജീവിതത്തിനും ജീവസന്ധാരണത്തിനാവശ്യമായ മറ്റുസാധനങ്ങൾക്കും വില എത്ര വർദ്ധിച്ചിട്ടുണ്ടെന്നും ഗവണ്മെൻറ് ഒന്നു ചിന്തിക്കേണ്ടതാണ്.

ചുരുക്കിപ്പറഞ്ഞാൽ ഈ രാജ്യത്തെ കൃഷി വർദ്ധിപ്പിക്കാൻ ഉപകരിക്കത്തക്കവിധത്തിൽ നെല്ലിൻെറ വില അല്പം കൂടെ വർദ്ധിപ്പിക്കുകയും വിദേശികളെ ആശ്രയിച്ചിരിക്കാതെ തിരുവിതാംകൂറിൽ ഇപ്പോൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ കൂടുതൽ വിളവു കിട്ടത്തക്കവിധം പരിഷ്കൃതരീതിയിൽ കൃഷി നടത്തിയും തരിശായി കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കായി വിട്ടുകൊടുത്തും കൃഷിക്കു സൌകര്യവും എളുപ്പവും ഉള്ള എല്ലാ സ്ഥലങ്ങളിലും നമുക്കാവശ്യമുള്ള ആഹാരസാധനങ്ങളുടെ ദൌർല്ലഭ്യം തീരുന്നതുവരെ ഏതു തരത്തിലും ഉള്ള കൃഷികൾ ചെയ്യുവാൻ ജനങ്ങളെ അനുവദിച്ചും കൃഷിചെയ്യാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ കൃഷിചെയ്യുന്നവർക്കായി മാത്രം വിട്ടുകൊടുത്തും അത്യാവശ്യമായ കേസ്സുകളിൽ പണവും വളവും കർഷകർക്കു കടമായി കൊടുത്തും കൃഷി ചെയ്യുന്ന കാര്യത്തിൽ കർഷകരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ മേൽ ഗവണ്മെൻറിൻെറ സർവ്വതോമുഖമായ മേയാളുഷ്ടി പതിയുകയും ചെയ്യേണ്ടതാണ്. തിരുവിതാംകൂറിലെ ഭക്ഷണസാധനങ്ങളുടെ വർദ്ധനവിനുള്ള മറെറാരു മാർഗ്ഗം ഇൻറൻസീവ് കൾട്ടിവേഷനാണ്. അതിനു അഗ്രികൾച്ചർ ഡിപ്പാർട്ടുമെൻറിൻെറ ഉപദേശവും സഹകരണവും കർഷകർക്കു അത്യന്താപേക്ഷിതമാണ്. വളം കർഷകർക്കു ആവശ്യമുള്ളിടത്തോളം സപ്ലൈ ചെയ്യുന്നതിനു കൃഷി ഡിപ്പാർട്ടുമെൻറു തയ്യാറായിരിക്കയും വേണം. അതിലേയ്ക്കു ആവശ്യമായ പണവും സ്റ്റാഫും കൃഷി ഡിപ്പാർട്ടുമെൻറിലേക്കു ഗവണ്മെൻറിൽനിന്നും അനുവദിച്ചുകൊടുക്കണം. ഇങ്ങനെ എക്സ്റ്റൻസിവ് ആയിട്ടും ഇൻറൻസീവായിട്ടും തിരുവിതാംകൂറിലെ കൃഷി വർദ്ധിപ്പിച്ച് ഇപ്പോഴത്തെ ആഹാരവിഷമതയ്ക്കു ഒരു പരിഹാരമുണ്ടാക്കണമെന്നു ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. THARIATHU KUNJITHOMMEN: സർ, ആഹാരസാധനദൌർല്ലഭ്യം പരിഹരിക്കുവാൻ ഉടനെ കൃഷി വർദ്ധിപ്പിക്കേണമെന്നുള്ള പ്രമേയത്തോട് ഞാൻ യോജിക്കുന്നു. നാം പണ്ടേതന്നെ ആഹാരസാധനങ്ങൾ കപ്പലിൽ വന്നിറങ്ങുന്നുണ്ടോയെന്നു ഉൽക്കണ്ഠയോടെ പശ്ചിമാഭിമുഖമായി വീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. ഇനി നാം ഈ വിഷയത്തിൽ പൂർവ്വാഭിമുഖമായി വീക്ഷിക്കണം. രാജ്യത്തിൻെറ പൂർവ്വഭാഗത്തു നെല്ല്

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommen]

നീളെ കിടക്കുന്ന റിസർവ്വുവനങ്ങൾ ആണ് നമുക്കു രക്ഷ നൽകേണ്ടതു്. റിസർവ്വു പാടെ നശിപ്പിച്ചു കൃഷി ചെയ്യണമെന്നല്ല ഞാൻ പറയുന്നതു്. ആഹാരസാധനദൗർല്ലഭ്യത്തെ പരിഹരിക്കത്തക്കവണ്ണം റിസർവ്വുകളിൽ കൃഷി നടത്തുകയും റിസർവ്വുവനങ്ങളെ വിലപിടിച്ച വൃക്ഷങ്ങൾകൊണ്ടു കൂടുതൽ മുതലെടുപ്പുള്ളവയാക്കിത്തീർക്കുകയും ചെയ്യുന്ന ഒരു പദ്ധതി ഉടനെ സ്വീകരിച്ചു നടപ്പിൽ വരുത്തണമെന്നാണ് ഞാൻ പറയുന്നതു്. നയനാനന്ദപ്രദങ്ങളായ മനോഹരവനങ്ങൾ എത്രയോ ആകർഷണീയങ്ങളാണ്. അവയെ നശിപ്പിച്ചുകളയുന്നതു് നമ്മുടെ രാജ്യത്തിന്റെ പ്രകൃതി മനോഹരതയെ നശിപ്പിക്കയായിരിക്കും. സ്വാമ്പിഫ്ലറിയാ കമ്മിറ്റിയിലും റോയൽടികമ്മിറ്റിയിലും മറും മെംബർ ആയിരുന്ന റിസർവ്വുവനങ്ങളുടെ പല ഭാഗങ്ങളും ഞാൻ സന്ദർശിച്ചിട്ടുണ്ടു്. നാം കിഴക്കോട്ടു നോക്കുമ്പോൾ ഒന്നിൽ പിന്നൊന്നായി നിരന്നുയർന്നുനില്ക്കുന്ന ഗിരിശൃംഗങ്ങളാണല്ലൊ കാണുന്നതു്. ഈ ഗിരിനിരകളുടെ ഇടയിൽ വിസ്തൃതങ്ങളായ അനവധി വനതലങ്ങളുണ്ടു്. ഹരിണവാരണവാനര ശുകപികമയൂരാദിമൃഗപക്ഷിവൃന്ദങ്ങളുടെ വിഹാരരംഗങ്ങളായ ഈ മനോഹരവനങ്ങളിൽ പുഷ്പലതാപരിവേഷ്ടിതങ്ങളും മധുചുംബികളെന്നോണം ഉയർന്നുവളരുന്നവയുമായ അനവധി വൃക്ഷങ്ങളുണ്ടു്. എന്നാൽ അവ അവിടെ മുളച്ചുവളർന്നുവീണു ദ്രവിച്ചുപോകുന്നതല്ലാതെ നമുക്കു ഉപയോഗപ്പെടുന്നില്ല. റോഡുകളുടേയും ആറുകളുടേയും ജനവാസസ്ഥലങ്ങളുടേയും സമീപത്തുനിന്നും നാലൊ അഞ്ചൊ മൈൽ ദൂരംവരെ ഉള്ള വൃക്ഷങ്ങൾ മാത്രമെ ഇപ്പോൾ മുറിച്ചെടുക്കുവാൻ സാധിക്കുന്നൊള്ളു. മറ്റുള്ളവ ഗിരിദുർഗ്ഗങ്ങൾ കടത്തിക്കൊണ്ടുവരുവാൻ സാദ്ധ്യമല്ലാ. ഗിരിനിരകൾക്കിടയിലുള്ള മഹാവനങ്ങൾ തിരുവിതാംകൂറാകുന്ന മഹൽഗ്രന്ഥത്തിന്റെ വിടർത്തിനോക്കുവാനൊ നോക്കിയാൽതന്നെയും അർത്ഥം ഗ്രഹിക്കുവാനൊ സാധിക്കാത്ത ഏടുകളായിട്ടാണ് കിടക്കുന്നതു്. റോഡുകൾ, ജനവാസസ്ഥലങ്ങൾ, നദികൾ, ഇവയ്ക്കടുത്തുള്ള വൃക്ഷങ്ങൾ അധികവും മുറിച്ചു തീർന്നിരിക്കയാണ്. ഈ സ്ഥലങ്ങളിലെ വൃക്ഷങ്ങളിൽ നിന്നുള്ള മുതലെടുപ്പാണല്ലൊ ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിലെ പ്രധാന മുതലെടുപ്പു്. അതിനാൽ ഈ സ്ഥലങ്ങളിൽ കൂടുതൽ വിലപിടിച്ച വൃക്ഷങ്ങൾ നട്ടുവളർത്താൻ ശ്രമിക്കണം. ഏ ഒ ലക്ഷത്തിലധികം ഏക്കർ സ്ഥലം ഇപ്പോൾ റിസർവ്വുവനമായിട്ടുണ്ടു്. റോഡുകളുടേയും ആറുകളുടേയും ജനവാസസ്ഥലങ്ങളുടേയും സമീപത്തായി രണ്ടുലക്ഷത്തോളം ഏക്കർ സ്ഥലമെടുത്തു നെൽക്കൃഷിക്കായി കൊടുക്കുകയും മൂന്നുകൊല്ലം നെൽക്കൃഷി ചെയ്ത ശേഷം അവയിൽ തേക്കുവൃക്ഷങ്ങളുടെ തൈകളൊ കുരുക്കളൊ നടണമെന്ന വ്യവസ്ഥ ചെയ്കയും ചെയ്താൽ കൃഷി ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളെല്ലാം വിലപിടിച്ച വൃക്ഷങ്ങൾ വളരുന്ന വനമായിത്തീരും. ആഹാരസാധനങ്ങളുടെ ഇന്നത്തെ ദൗർല്ലഭ്യവും തീരും. ഈ സ്ഥലങ്ങൾ മിക്കവാറും ഈറക്കാടുകളും കാട്ടുജാതിക്കാർ മുമ്പു കൃഷി ചെയ്തതിനാൽ ചെറുകാടുകളായി കിടക്കുന്നവയുമാണ്. ഫ ൭ ൮ ൦ ൦ രൂപയ്ക്കുമേലാളം സ്ഥലത്തിപ്പോൾ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും തേക്കുവൃക്ഷങ്ങൾ കൃഷിചെയ്തിട്ടുണ്ട്. രണ്ടുലക്ഷം ഏക്കർ കൂടി കൃഷിചെയ്താൽ പ്രതി വത്സരം രണ്ടായിരം ഏക്കർ സ്ഥലത്തെ തേക്കുവൃക്ഷങ്ങൾ മുറിച്ചു വിൽക്കാം. ഇപ്പോൾ തേക്കുതടികൾക്ക് കണ്ടിക്ക് ഫ ൦ രൂപായിലധികം വിലയുണ്ട്. സാധാരണ കാലത്തും കണ്ടിക്ക് ൪ ൦ രൂപായിൽ കുറയാത്ത വിലയുണ്ടായിരുന്നു. ൨ ൦ ൦ ൦ ഏക്കർ സ്ഥലത്തെ തേക്കുതടികൾ പ്രതിവത്സരം മുറിച്ചുവിറ്റുകൊണ്ടിരുന്നാൽ അതിൽനിന്നു തന്നെ ഒന്നരക്കോടിയിൽ അധികം രൂപാ മുതലെടുപ്പുണ്ടാകും. ആകെയുള്ള മുതലെടുപ്പിന്റെ പകുതിയോളം ഈ ഇനത്തിൽ മുതൽവരുത്താം. രണ്ടുലക്ഷം ഏക്കർ സ്ഥലം നെൽകൃഷി ചെയ്താൽ ഒന്നരക്കോടിപ്പറ നെല്ലോളം വിളയും. മൂന്നുകൊല്ലം ഇങ്ങനെ വിളവെടുക്കാം. ഈവിധം കൊടുക്കുന്നതു സ്ഥലങ്ങളുടെ സ്ഥിതിപോലെ പകുതിയൊ മൂന്നിലൊന്നൊ വാരമായിട്ടാണ് നല്ലതു. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിൽ ഇങ്ങനെ കൊടുക്കുന്നതായാൽ ഉടനെ സർവ്വെ ചെയ്യണമെന്നില്ലാ. വിളവെടുപ്പിനുമുമ്പു സർവ്വെ ചെയ്താൽ മതി. വാരമാകയാൽ സർവ്വെ ചെയ്തില്ലെങ്കിൽ തന്നെയും ദോഷമൊന്നും വരാനില്ല. ആഹാരസാധനദൌർല്ലഭ്യം പരിഹരിക്കുകയും നമ്മുടെ റിസർവു വനത്തെ ആദായകരമാക്കി തീർക്കുകയും മുതലെടുപ്പു വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഈ പദ്ധതിയെ ഉടനെ നടപ്പിൽ വരുത്തേണ്ടതാണെന്നു പ്രസ്താവിച്ചുകൊണ്ട് പ്രമേയത്തെ അനുകൂലിക്കുന്നു.

MR. MAKKAR PILLAI: സർ, ഭക്ഷണകാര്യത്തിൽ ഗവണ്മെൻറ് നല്ല ഉദ്ദേശത്തോടുകൂടി പലതും പ്രവർത്തിച്ചിട്ടുണ്ട്. അതിലേക്കു നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരും സദുദ്ദേശത്തോടുകൂടി പലതും പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നുംതന്നെ പ്രായോഗികമായ രൂപത്തെ ചെയ്യത്തക്കതൊ പ്രയോജനകരമാകത്തക്കതൊ ആയ വിധത്തിൽ വന്നിട്ടില്ല. നെല്ലിനു പറയ്ക്കു ഒന്നേകാൽ രൂപയും മരച്ചീനി ചക്രത്തിനു രണ്ടര റാത്തലും വച്ചു വിൽക്കാൻ ഏർപ്പാടു ചെയ്തിരിക്കുന്നു. അതിൽ കൂടുതൽ വിലവച്ചു് ആരെങ്കിലും വിറ്റാൽ അവരുടെ മുക്കു ചെത്തുമെന്നു ചട്ടവും ഉണ്ട്. പക്ഷെ ഒരിടത്തും ഈ വിലയ്ക്കു നെല്ലും കിട്ടുകയില്ല, മരച്ചീനിയും കിട്ടുകയില്ല. മരച്ചീനി രണ്ടര റാത്തലിനു പകരം ഒരു റാത്തലാണുകിട്ടുന്നതു്. ആവശ്യക്കാരൻ അതു വാങ്ങിച്ചുകൊള്ളും. ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Makkar Pillai]

വിലനിർണ്ണയം പ്രായോഗികമാണൊ എന്നു ഞാൻ ഒരു വലിയ ഉദ്യോഗസ്ഥനോടു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു 'ഇവിടത്തെ മരച്ചീനിക്കു രണ്ടര അല്ലാ അഞ്ചുറാത്തൽവച്ചു കൊടുത്താലും മുഴുവനും ചെലവാകുകയില്ല.' എന്നു്. അതു് ഒരുവശത്തു ശരിയാണു്, മറുവശം അങ്ങനെയല്ല. മരച്ചീനി കൃഷി നടത്തുന്നവൻ ശരിയായ വില കിട്ടുന്നില്ലെങ്കിൽ പാകം വന്നതിനുശേഷവും രണ്ടോ മൂന്നോ മാസം ഇട്ടുകൊണ്ടിരിക്കും. എന്നാൽ ആവശ്യക്കാരനു് അന്നുതന്നെ വേണം. ഒരു റാത്തലെ കിട്ടുകയുള്ളു എന്നു വന്നാലും അവനു് അപ്പോൾതന്നെ മേടിച്ചേ തീരൂ. അതുപോലതന്നെ നെല്ലിന്റെയും കഥ.

അരി ഇതുവരെ പുറത്തുനിന്നും കിട്ടിവരുന്നു. ഇനിയും അങ്ങനെ കിട്ടിയാൽ കൊള്ളാം. പക്ഷെ ആ ആശയോടുകൂടി നാം ഇരുന്നാൽ വിഡ്ഢികളാകും. നിയന്ത്രണവും വിതരണവും നാം ശരിപ്പെടുത്തിയാൽ തിരുവിതാംകൂറിനകത്തുള്ള അരിയും മരച്ചീനിയുംകൊണ്ടു് പട്ടിണികൂടാതെ നമുക്കു കഴിയാം. അമേരിക്കയിൽ ഭക്ഷണസാധനങ്ങൾ അധികമുണ്ടായിട്ടുണ്ടു്. അതിന്റെ വില കുറയാതെയിരിക്കാൻവേണ്ടി, ക്ലൂടുതൽ വന്ന ഭക്ഷണസാധനങ്ങൾ നശിപ്പിച്ചുകളഞ്ഞ ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവിടെയും റേഷനിംഗ് വന്നിരിക്കുന്നു. ജനങ്ങളുടെ സഹായസഹകരണങ്ങൾ ഗവണ്മെൻറു് ആവശ്യപ്പെടുന്നുണ്ടു്. പ്രായോഗികമല്ലാത്ത കാര്യങ്ങളിൽ ജനങ്ങൾ എങ്ങിനെയാണു സഹകരിക്കേണ്ടതു? പർച്ചേസിംഗ് ആഫീസർക്കു് ഇപ്പോൾ ഒരു സ്റ്റേറ്റുമെൻറു കൊടുക്കണം. രണ്ടു് ഏക്കറിൽ കൂടുതലുള്ളവരെല്ലാം അവനു കിട്ടുന്ന നെല്ലിന്റെയും, ഗവണ്മെൻറിനു കൊടുക്കാൻ കഴിയുന്ന നെല്ലിന്റെയും കണക്കുകൾ കൊടുക്കണം. കടലാസിനു ഇപ്പോൾ നല്ല വിലയുണ്ടു്. കൊടുക്കുന്ന സ്റ്റേറ്റുമെൻറു സ്വീകരിക്കുമെങ്കിൽ ഗവണ്മെൻറിനു നെല്ലൊട്ടും കിട്ടുകയില്ല, ആ സ്റ്റേറ്റുമെൻറിൽ കഴിഞ്ഞ പൂവിലെ നെല്ലു് എത്ര, അടുത്ത തവണ പ്രതീക്ഷിക്കുന്ന നെല്ലു് എത്ര, ഇതൊക്കെ കാണിച്ചിരിക്കണം. പർച്ചെയിസിംഗ് ആഫീസർക്കു കൊടുക്കുന്ന കണക്കിൽ കാണിക്കുന്ന തുകയെല്ലാം തെറ്റായിരിക്കും. അതുകൊണ്ടു് എത്ര തുക കാണിച്ചിരുന്നാലും അതിൽ കൂടുതൽ നെല്ലു് അധികാരികൾ ആവശ്യപ്പെടുമെന്ന തീർച്ചയാണു്. എനിക്കു വസ്തുവില്ല. മൈനർ കുട്ടികളുടെ രക്ഷകത്വസ്ഥാനം എനിക്കുണ്ടു. ഒരു [illegible] പറ നെല്ലു് ഗവണ്മെൻറിനു ലഭ്യമാണെന്ന സ്റ്റേറ്റുമെൻറു കൊടുത്തിട്ടുണ്ടു്. എന്നാൽ കഴിഞ്ഞ മലവെള്ളപ്പൊക്കം നിമിത്തം അതിനു കുറെയൊക്കെ നാശം വന്നിട്ടുണ്ടു്. അതല്ല, എനിക്കു് ഒരു [illegible] പറ നെല്ലു് ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

തന്നാലും വേണമെങ്കിൽ ഒരു നിൽ സ്റ്റോറുമെൻറു കൊടുക്കാൻ കഴിയും. വസ്തുക്കൾ പാട്ടത്തിനു കൊടുത്താൽ പാട്ടക്കാരനെക്കൊണ്ടു് നെല്ലു് കൊടുപ്പിക്കാൻ പർച്ചെയിസിംഗ് ആഫീസക്കു ഇപ്പോൾ അധികാരമില്ല. അതിനു പോംവഴി വേണമെങ്കിൽ സിവിൽകോടതി മുഖേന നോക്കേണ്ടിയിരിക്കുന്നു.

RAJYASEVAPRAVINA G. PARAMESWARAN PILLAI : പർച്ചെയിസിംഗ ആഫീസക്കു അധികാരമുണ്ടു്.

MR. MAKKAR PILLAI: എന്തധികാരം?

RAJYASEVAPRAVINA G. PARAMESWARAN PILLAI : പാട്ടക്കാരനെക്കൊണ്ടു നെല്ലു കൊടുപ്പിക്കാൻ.

MR. MAKKAR PILLAI: എന്നാൽ അതു ഇതുവരെ പ്രയോഗത്തിൽ വന്നുകണ്ടിട്ടില്ല.

MR. T. C. KESAVA PILLAI : ഗവണ്മെൻറിനെ ചതിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കളവായ സ്റ്റോറുമെൻറുകൾ കൊടുത്തിട്ടുള്ള വലിയ ആളുകളെപ്പോലും ഗവണ്മെൻറു് അറസ്റ്റു് ചെയ്തതായി മെംബർക്കു് അറിയാമോ?

MR. MAKKAR PILLAI: അറസ്റ്റു ചെയ്യുന്നതിനെ സംബന്ധിച്ചു ഇപ്പോൾ ജനങ്ങൾക്കു ഭയമില്ലാതെയായി. അറസ്റ്റു ചെയ്താൽ അവരെ ജയിലിൽ വയ്ക്കുണ്ടോ?

